കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊടുമ്പ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

E-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-14-786/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി: 28-06-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊടുമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- കൊടുമ്പ് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി-
14-786/2019 തിയ്യതി: 28/06/2019

## പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23-05-2017 മുതൽ തിയതി 07-05-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 8-5-2019 മുതൽ 16-5-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.എസ്.എച്ച്.ഷർഫുദ്ദീൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ഫസീല.കെ.എ | ഓഡിറ്റർ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.രഞ്ജിത്.ആർ | ഓഡിറ്റർ |
| ശ്രീമതി.ലിക്സി അലക്സ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷൈലജ.എസ് | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.എൻ.വിനോദ് കുമാർ | 1-4-2017 മുതൽ 10-7-2017FN വരെ |
| | ശ്രീമതി.കെ.കാഞ്ചന, അസി.സെക്രട്ടറി(സെക്രട്ടറി-ഇൻ-ചാർജ്ജ്) | 10-7-2017 ANമുതൽ 1-8-2017 വരെ & 27-10-2017AN മുതൽ 20-11-2017 FN വരെ) |
| | ശ്രീമതി.ജലജ.സി | 2-8-2017 മുതൽ 27-10-2017 FN വരെ |
| | ശ്രീ.റെജിമോൻ.എം | 20-11-2017 AN മുതൽ 31-3-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.നന്ദകുമാർ.എ | 1-4-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ | ശ്രീമതി.ദീപ.സി | 1-4-2017 മുതൽ 29-6-2017 വരെ |
| | ശ്രീമതി.ജൈഷ്ണ.എസ് | 30-6-2017 മുതൽ 31-3-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബേബി. കെ.കേളത്ത് | 1-4-2017 മുതൽ 7-10-2017 വരെ |
| | ശ്രീമതി.സരസ്വതി.പി | 8-10-2017 മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.നിർമ്മല.കെ | 1-4-2017 മുതൽ 10-11-2017 വരെ |
| | ശ്രീമതി.സജിനി.വി.വി | 11-11-2017 മുതൽ 31-3-2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ജോവിത പുളൂർ | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ഹേമ.എം | 1-4-2017 മുതൽ 31-3-2018 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ദേവദാസ്.എം | 1-4-2017 മുതൽ 31-3-2018 വരെ |
| എച്ച്.എം | ശ്രീമതി.ഖദീജ.കെ | 1-4-2017 മുതൽ 31-3-2018 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.കാഞ്ചന.കെ | 1-4-2017 മുതൽ 31-3-2018 വരെ |

## ഉള്ളടക്കം

## ഭാഗം I

### ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-4 |
| 5 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളുടെ മറ്റ് അപാകതകൾ | 1-12 |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് നടപടിക്രമങ്ങളുടെ പാലനം വിലയിരുത്തൽ | 2-1 |
| 2 | കൈരളി ആയുർവേദിക്ക് റിസോർട്ട് - കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി നിശ്ചയിച്ച് നികുതി നിർണ്ണയിച്ചിരിക്കുന്നതിനാൽ റവന്യൂ നഷ്ടം | 2-2 |
| 3 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 2-3 |
| 4 | ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 2-4 |
| 5 | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 2-5 |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ പാലിക്കേണ്ടതാണ് | 3-1 |

| | | |
|---|---|---|
| 2 | തെരുവു വിളക്കുകളുടെ പരിപാലനത്തിനായി ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ് | 3-2 |
| 3 | ഡെപ്പോസിറ്റ് വർക്കുകൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-3 |
| 4 | പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-4 |
| 5 | മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിന്മേലുള്ള പൊതു നിരീക്ഷണങ്ങൾ | 3-5 |
| 6 | അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ് | 3-6 |
| 7 | കരിപ്പാലി കുടിവെള്ള പദ്ധതി-പഴയ വാട്ടർ ടാങ്ക് സ്റ്റോക്കിലെടുത്തില്ല | 3-7 |
| 8 | ആലംകോട് കുടിവെള്ള പദ്ധതി-പഴയ മോട്ടോർ ഉപയോഗപ്പെടുത്തുകയോ കയ്യൊഴിക്കുകയോ ചെയ്തില്ല | 3-8 |
| 9 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ കിച്ചൺ നിർമ്മാണം - എസ്റ്റിമേറ്റ് ഭാഗികമായി തയ്യാറാക്കി | 3-9 |
| 10 | വിവിധ പ്രവൃത്തികളുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ പിഴ ഈടാക്കിയില്ല | 3-10 |
| 11 | ജി.എൽ.പി.എസ് കിച്ചൻ നിർമ്മാണം - കരാറുകാരൻ പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല | 3-11 |
| 12 | കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തിന് ബാധ്യതയാകുന്നു | 3-12 |
| 13 | അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ് | 3-13 |
| 14 | വാങ്ങൽ നടപടികളുടെ രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ് | 3-14 |
| 15 | പാലിയേറ്റീവ് പ്രവർത്തനങ്ങൾ - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-15 |

## ഭാഗം-IV

## ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28-3-2017 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. 13-3-2018 ന് പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് പാസാക്കിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-7-2018 | 15-5-2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 4.7.2018 മുതൽ 5.7.2018 വരെ | നം.കെ.എസ്.എ-പികെഡി.21/1904(88)/2018 തിയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29003502 |
| വരവ് | 60617538 |
| ആകെ | 89621040 |
| ചെലവ് | 73409841 |
| നീക്കിയിരിപ്പ് | 16211199 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ (എ.സി.ആർ പ്രകാരം) | 0 | 13048000 | 13048000 | 10382071 | 2665929 |
| വികസനഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം) | 0 | 9747045 | 9747045 | 6499456 | 3247589 |
| വികസനഫണ്ട് ടി.എസ്.പി (എ.സി.ആർ പ്രകാരം) | 0 | 158936 | 158936 | 0 | 158936 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം) | 0 | 9478000 | 9478000 | 8241363 | 1236637 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 2838000 | 2838000 | 2312725 | 525275 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 6204400 | 6204400 | 0 | 6204400 |
| കെ.എൽ.ജി.എസ്.ഡി.പി (എ.സി.ആർ പ്രകാരം) | 0 | 26905 | 26905 | 0 | 26905 |
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 19842 | 954875 | 974717 | 974471 | 246 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 10266031 | 10266031 | 10266031 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്- | 2382900 | 0 | 2382900 | 2144610(*) | 238290 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ഗ്രാമ പഞ്ചായത്ത് | 1318790 | 0 | 1318790 | 1186911(*) | 131879 |
| ജനറൽ പർപ്പസ് ഗ്രാന്റ് & കേന്ദ്ര വിഹിതം - ഐ.സി.ഡി.എസ് | 10670126 | 13576306 | 24246432 | 22994448 | 1251984 |
| തനത് ഫണ്ട്-കോർപ്പറേഷൻ ബാങ്ക് | 4864922 | 5624411 | 10489333 | 6702166 | 3787167 |
| തനത് ഫണ്ട്-പി.എസ്.സി.ബി | 9713277 | 6180213 | 15893490 | 5217733 | 10675757 |
| ബി ഫണ്ട് | 0 | 6132085 | 6132085 | 6132085 | 0 |

(*) സർക്കാർ തിരിച്ചെടുത്ത തുക.

# 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 71702876 | 105 | 40762374 | | 80 | 57 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 57% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്.

ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 57 % മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച | ചെലവ് % |
|---|---|---|---|---|---|

| | | | | തുക | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 2 | 9465000 | 9042000 | 96 |
| വി.ഇ.ഒ | 10 | 9 | 4021501 | 3258400 | 81 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7 | 4284017 | 3468284 | 81 |
| സെക്രട്ടറി | 12 | 10 | 9227717 | 3648191 | 40 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 138 | 65 | 38641901 | 16893637 | 44 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 4 | 1169740 | 690704 | 59 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 1 | 452470 | 400000 | 88 |
| വെറ്ററിനറി സർജ്ജൻ | 3 | 3 | 1054000 | 366500 | 35 |
| എച്ച്.എം | 3 | 3 | 617530 | 499499 | 81 |
| അസി.സെക്രട്ടറി | 2 | 1 | 2769000 | 2495159 | 90 |
| ആകെ | 185 | 105 | 71702876 | 40762374 | 57 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 19842 | 954875 | 974717 | 974471 | 246 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 10266031 | 10266031 | 10266031 | 0 |
| ആകെ | 19842 | 11220906 | 11240748 | 11240502 | 246 |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 21120 | 37 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 7414200 | 681 |
| 3 | വിധവാ പെൻഷൻ | 9258800 | 873 |
| 4 | വാർദ്ധക്യകാല പെൻഷൻ | 15718900 | 1507 |
| 5 | വികലാംഗ പെൻഷൻ | 2558500 | 254 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 407500 | 54 |

# 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8-5-2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 11333 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന് 27-03-2017 ന് ഐ.എസ്.ഒ 9001:2015 സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. 23-03-2020 വരെ സർട്ടിഫിക്കറ്റിന് സാധുതയുണ്ട്. സ്ഥാപനത്തിന്റെ ഭൗതിക സാഹചര്യങ്ങൾ പൊതുവെ തൃപ്തികരമാണ്.

ഓഡിറ്റ് സർട്ടിഫിക്കേഷൻ വേളയിൽ ചൂണ്ടികാണിച്ചിട്ടുള്ള അപാകതകൾ പലതും ഓഡിറ്റ് വേളയിലും നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. പല ഡിമാന്റ് രജിസ്റ്ററുകളിലും സംക്ഷിപ്തം രേഖപ്പെടുത്തി വാർഷിക കണക്കുമായി പൊരുത്തപ്പെടാതെ അവശേഷിക്കുണ്ട്. ആയത് മേൽ നോട്ടക്കുറവായി വിലയിരുത്തുന്നു.

സ്ഥാപനത്തിന്റെ സാമ്പത്തിക നില പൊതുവെ തൃപ്തികരമാണെങ്കിലും പുതിയ വരവിനങ്ങൾ കണ്ടെത്തുവാനും നിലവിലുള്ള വരവിനങ്ങളിലെ വരവിലുള്ള ചോർച്ച തടയുന്നതിനുള്ള ക്രിയാത്മക നടപടികൾ ഉണ്ടായിട്ടില്ല. വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിലെ നികുതി ചോർച്ച തടയുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

തനത് ഫണ്ടിന്റെ ചെലവിൽ പൊതുവെ നിയന്ത്രണങ്ങൾ പാലിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. വാഹനത്തിന്റെ രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നിലവിലുള്ള ഗ്രാമപഞ്ചായത്തിൽ രേഖകളുടെ സൂക്ഷിപ്പിൽ

കുറേക്കൂടി ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 19-4-2019 | 3/2019 | ലഭ്യമായില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-05-2008 | 1997-98 മുതൽ 2007-08 വരെ | 6-10-10 |

## 1-12 വാർഷിക കണക്കുകകളിലെ അപാകതകൾ

(ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ)

ഒന്നുമില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് നടപടിക്രമങ്ങളുടെ പാലനം വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പു പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214 ഉപവകുപ്പ് 1(എ)(1) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ (സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016) മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പാലിക്കാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും സമയക്രമം

പാലിക്കുവാൻ കൂടി ശ്രദ്ധിക്കേണ്ടതാണ്.

കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കമ്മിറ്റിയുടെ 14-2-2017 ലെ നിർദ്ദേശപ്രകാരം 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രൊപ്പോസൽ സമർപ്പിക്കുന്നതു സംബന്ധിച്ച് വിവിധ നിർവ്വഹണോദ്യോഗസ്ഥർക്ക് കത്ത് അയക്കുകയും പഞ്ചായത്ത് തനതുഫണ്ടിൽ നിന്നും വിവിധ വകുപ്പുകളിൽനിന്നും പ്രതീക്ഷിക്കുന്ന ഫണ്ടുകളുടേയും ഒരു വർഷത്തെ വിവരങ്ങൾ അറിയിക്കേണ്ടതാണ് എന്നും വിശദമാക്കി 15-2-2017 തിയതിയിൽ കത്ത് അയക്കുകയും ചെയ്തിട്ടുണ്ട്. വിവിധ നിർവ്വഹണോദ്യോഗസ്ഥർ പ്രതീക്ഷിത ചെലവിനങ്ങൾ സംബന്ധിച്ച് പ്രത്യേക പ്രൊഫോർമ മുഖാന്തിരം മറുപടി നല്കുകയും ചെയ്തിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 10.03.2017 ൽ കൂടിയ യോഗത്തിൽ തീരുമാനം 2 പ്രകാരം ബജറ്റ് വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുണ്ട്.
പുതിയ വരവിനങ്ങൾ കണ്ടെത്തുന്നതിനുള്ള കാര്യക്ഷമമായ ശ്രമം തൻവർഷം ഉണ്ടായിട്ടില്ല. വെള്ളക്കരം ഇനത്തിൽ ഉപഭോക്താക്കളിൽ നിന്നും തുച്ഛമായ തുക മാത്രമാണ് ഈടാക്കുന്നത്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന് ബാധ്യത ഉണ്ടാക്കുന്നത് പരിഗണിച്ച് വെള്ളക്കരത്തിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തുവാനുള്ള നിർദ്ദേശം ബജറ്റിൽ ഉണ്ടായിട്ടില്ല.
മുൻ വർഷങ്ങളിലെ വരവ്-ചെലവ് കണക്കുകൾ വിലയിരുത്തി അപകാതകൾ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി പുതിയ ബജറ്റിലൂടെ പരിഹാരം കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

## 2-2 കൈരളി ആയുർവേദിക്ക് റിസോർട്ട് - കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി നിശ്ചയിച്ച് നികുതി നിർണ്ണയിച്ചിരിക്കുന്നതിനാൽ റവന്യൂ നഷ്ടം

കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി നികുതി നിർണ്ണയ വിവരങ്ങളും സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റ് വിവരങ്ങളും പരിശോധിച്ചതിൽ ഓലശ്ശേരിയിൽ പ്രവർത്തിച്ചുവരുന്ന, ശ്രീ.കെ.വി.രമേഷ് എന്നയാളുടെ ഉടമസ്ഥതയിലുള്ള കൈരളി ആയുർവേദിക്ക് ഹെൽത്ത് റിസോർട്ട് (കൈരളി - ദി ആയുർവേദിക്ക് ഹീലിംഗ് വില്ലേജ്) ന്റെ 29 കെട്ടിടങ്ങൾ 'അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണമണ്ഡപം, ലോഡ്ജ്, സിനിമാ തീയേറ്റർ' എന്ന ഉപയോഗക്രമത്തിൽപ്പെടുത്തിയാണ് നികുതി ഈടാക്കിവരുന്നതെന്ന് കണ്ടെത്തി.

സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലുള്ള (https://www.ayurvedichealingvillage.com) കോർപ്പറേറ്റ് പ്രോഫൈലിൽ, സ്ഥാപനം ആയുർവേദ ആശുപത്രി ലൈസൻസോടുകൂടിയ സുഖചികിത്സാ കേന്ദ്രമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ്പേജിൽ (www.keralatourism.org/ayurveda-centres/kairali-the-ayurvedic-healing-village) ഈ സ്ഥാപനം 30 പ്രീമിയം വില്ലകളോടുകൂടിയ ആയുർവേദ റിസോർട്ടാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. റെസ്റ്റോറന്റുകൾ, സ്വിമ്മിംഗ് പൂൾ, ജിംനേഷ്യം, സ്പാ എന്നിവ ഉൾപ്പെടുന്ന ആയുർവേദ സുഖചികിത്സാ കേന്ദ്രത്തിന് ലോഡ്ജ് എന്ന ഉപയോഗക്രമം നിശ്ചയിച്ചിരിക്കുന്നത് തെറ്റായിട്ടാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനത്തിന് അനുസൃതമായി 'അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണമണ്ഡപം, ലോഡ്ജ്, സിനിമാ തീയേറ്റർ' എന്നീ ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് കൊട്ടുമ്പ് ഗ്രാമപഞ്ചായത്തിൽ നിർണ്ണയിക്കപ്പെട്ട അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 30 രൂപയും 24.02.2015 ലെ സ.ഉ(അ) നം. 36/2015/ തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 100/2015 വിജ്ഞാപനത്തിന് അനുസൃതമായി ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾക്ക് 31.03.2015 ലെ 12-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം നിർണ്ണയിക്കപ്പെട്ട അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 160 രൂപയുമാണ്. ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾക്ക് ബാധകമായ ₹160/ച.മീ നിരക്കിൽ നികുതി നിർണ്ണയിക്കണമെന്നിരിക്കെ ലോഡ്ജ് ആയി കണക്കാക്കി ₹30/ച.മീ നിരക്കിൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്.

നിലവിലെ നികുതി നിർണ്ണയം പ്രകാരം കെട്ടിടങ്ങൾക്ക് ബാധകമായ വർദ്ധനവുകളും ഇളവുകളും താഴെ പറയുന്ന പ്രകാരമാണ്.

| വർദ്ധനവ് | ഇളവ് |
|---|---|

| | |
|---|---|
| വഴിസൗകര്യം -20% (പ്രാഥമികം) | കാലപ്പഴക്കം - 10% (20 വർഷം) |
| എയർകണ്ടീഷൻ- 10% | - |
| ആകെ: 30 % | ആകെ: 10 % |

ഇതിനനുസൃതമായി നിലവിൽ തെറ്റായി നിർണ്ണയിച്ചിട്ടുള്ളതും യാഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ടതുമായ നികുതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | തറ വിസ്തീർണ്ണം (ച മീ) | നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തു നികുതി | നിർണ്ണയിച്ച ലൈബ്രറി സെസ്സ് | നിർണ്ണയിച്ച ആകെ വസ്തു നികുതി | നിർണ്ണയിക്കാവുന്ന അടിസ്ഥാന വസ്തു നികുതി | നിർണ്ണയിക്കാവുന്ന ലൈബ്രറി സെസ്സ് | നിർണ്ണയിക്കാവുന്ന ആകെ വസ്തു നികുതി | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|
| 1 | 10/47 | 39.2 | 1412 | 71 | 1483 | 7527 | 377 | 7904 | 6421 |
| 2 | 10/48 | 73 | 2628 | 132 | 2760 | 14016 | 701 | 14717 | 11957 |
| 3 | 10/49 | 78 | 2808 | 141 | 2949 | 14976 | 749 | 15725 | 12776 |
| 4 | 10/50 | 81.5 | 2934 | 147 | 3081 | 15648 | 783 | 16431 | 13350 |
| 5 | 10/51 | 41 | 1476 | 74 | 1550 | 7872 | 394 | 8266 | 6716 |
| 6 | 10/52 | 45 | 1620 | 81 | 1701 | 8640 | 432 | 9072 | 7371 |
| 7 | 10/53 | 56.5 | 2034 | 102 | 2136 | 10848 | 543 | 11391 | 9255 |
| 8 | 10/54 | 44.5 | 1602 | 81 | 1683 | 8544 | 428 | 8972 | 7289 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 9 | 10/55 | 35 | 1260 | 63 | 1323 | 6720 | 336 | 7056 | 5733 |
| 10 | 10/56 | 43 | 1548 | 78 | 1626 | 8256 | 413 | 8669 | 7043 |
| 11 | 10/57 | 34 | 1224 | 62 | 1286 | 6528 | 327 | 6855 | 5569 |
| 12 | 10/58 | 40 | 1440 | 72 | 1512 | 7680 | 384 | 8064 | 6552 |
| 13 | 10/59 | 79 | 2844 | 143 | 2987 | 15168 | 759 | 15927 | 12940 |
| 14 | 10/60 | 86 | 3096 | 155 | 3251 | 16512 | 826 | 17338 | 14087 |
| 15 | 10/61 | 40 | 1440 | 72 | 1512 | 7680 | 384 | 8064 | 6552 |
| 16 | 10/63 | 43 | 1548 | 78 | 1626 | 8256 | 413 | 8669 | 7043 |
| 17 | 10/64 | 43 | 1548 | 78 | 1626 | 8256 | 413 | 8669 | 7043 |
| 18 | 10/65 | 65 | 2340 | 117 | 2457 | 12480 | 624 | 13104 | 10647 |
| 19 | 10/66 | 45 | 1620 | 81 | 1701 | 8640 | 432 | 9072 | 7371 |
| 20 | 10/67 | 45 | 1620 | 81 | 1701 | 8640 | 432 | 9072 | 7371 |
| 21 | 10/68 | 47 | 1692 | 85 | 1777 | 9024 | 452 | 9476 | 7699 |
| 22 | 10/69 | 86 | 3096 | 155 | 3251 | 16512 | 826 | 17338 | 14087 |
| 23 | 10/70 | 95 | 3420 | 171 | 3591 | 18240 | 912 | 19152 | 15561 |
| 24 | 10/71 | 41 | 1476 | 74 | 1550 | 7872 | 394 | 8266 | 6716 |
| 25 | 10/72 | 450 | 18225 | 912 | 19137 | 86400 | 4320 | 90720 | 71583 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 26 | 10/73 | 42 | 1512 | 76 | 1588 | 8064 | 404 | 8468 | 6880 |
| 27 | 10/74 | 140 | 10080 | 504 | 10584 | 26880 | 1344 | 28224 | 17640 |
| 28 | 10/75 | 33 | 1089 | 55 | 1144 | 6336 | 317 | 6653 | 5509 |
| 29 | 10/76 | 60 | 1980 | 99 | 2079 | 11520 | 576 | 12096 | 10017 |
| ആകെ | | | 80612 | 4040 | 84652 | 393735 | 19695 | 413430 | 328778 |

2017-18 സാമ്പത്തിക വർഷം മേൽ കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന തുകയിൽ ₹ 328778/- രൂപ കുറവായാണ് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളത്.

14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനത്തിനനുസൃതമായി റിസോർട്ട് എന്ന ഉപയോഗക്രമത്തിന് പകരം ലോഡ്ജ് എന്ന് നിശ്ചയിച്ച് നികുതി നിർണ്ണയിച്ചതിനാൽ 2014-15 സാമ്പത്തിക വർഷം വരെയും 24.02.2015 ലെ സ.ഉ(അ) നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 100/2015 വിജ്ഞാപനത്തിന് അനുസൃതമായി ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്ന ഉപയോഗക്രമത്തിന് പകരം ലോഡ്ജ് എന്ന് നിശ്ചയിച്ച് നികുതി നിർണ്ണയിച്ചതിനാൽ നാളിതുവരെയും നഷ്ടം ഉണ്ടായിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 14/15.05.2019 ന് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. എക്സിറ്റ് മീറ്റിംഗ് വേളയിൽ ഇക്കാര്യം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

കൈരളി ആയുർവേദിക്ക് ഹെൽത്ത് റിസോർട്ട് (കൈരളി - ദി ആയുർവേദിക്ക് ഹീലിംഗ് വില്ലേജ്) ലെ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയം പരിശോധനയ്ക്ക്

വിധേയമാക്കേണ്ടതും തെറ്റായ ഉപയോഗക്രമം നൽകി നികുതി നിർണ്ണയം നടത്തിയ എല്ലാ കെട്ടിടങ്ങളുടേയും നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ തൊഴിൽനികുതി ചുമത്തേണ്ടതാകുന്നു. കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പിരിവിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി തൊഴിൽനികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണ്ടെത്തി.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205 ഐ പ്രകാരം സെക്രട്ടറി, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും പൂർണ്ണമായ വിവരങ്ങൾ ചേർത്തിട്ടില്ല. ഓരോ അർദ്ധവർഷവും തുക അടവാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുകയോ സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

2. സ്ഥാപനങ്ങളുടെ ലിസ്റ്റ് കൃത്യമായി സൂക്ഷിക്കുകയോ നോട്ടീസ് നൽകുകയോ ചെയ്യുന്നില്ല

പഞ്ചായത്ത് പ്രദേശത്തെ തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥമായ താഴെ പറയുന്ന സ്ഥാപനങ്ങളുടെ പേര് സ്ഥാപന ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205 എഫ് പ്രകാരമുള്ള നോട്ടീസ് നൽകുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഹൈലക്സ് മാഫ്രുഷാറ്റ്(പ്രൈ) ലിമിറ്റഡ് | 20 |
| 2 | ഇലക്ട്രോ കൺട്രോൾസ്, പിരിവുശാല | 9 |

| | | |
|---|---|---|
| 3 | പാൽഗാട്ട് പെറ്റ് ബോട്ടിൽസ് | 5 |

## 3. സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഒന്ന്-രണ്ട് അർദ്ധവർഷങ്ങളിൽ ലഭിച്ച തൊഴിൽനികുതി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ പട്ടികയും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഖനി മോട്ടോർസ്, ഫോർട്ട് മൈതാനം, കാടാംകോട് ബ്രാഞ്ച് | I |
| 2 | പിവിഎസ് ഓട്ടോമൊബൈൽ കമ്പനി (പ്രൈ) ലി. | I |
| 3 | ജി.ജെ.മൾട്ടിപ്ലേവ് (പ്രൈ) ലി., കൂട്ടുപാത | I & II |

കൂടാതെ ഗ്രാമ പഞ്ചായത്തിലെ അംഗീകൃത കരാറുകാർ, പഞ്ചായത്ത് പ്രദേശത്തെ റേഷൻ വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

## 4. സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ശ്രീരാമ ഇൻഡസ്ട്രീസ്, ഇരട്ടയാൽ | I & II |
| 2 | കൈരളി ആയുർ ഹെൽത്ത് റിസോർട്ട്, ഓലശ്ശേരി | I & II |
| 3 | കൊടുമ്പ് വീവേഴ്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി | I & II |
| 4 | ബിപിഎൽ മെഡിക്കൽ ടെക്നോളജീസ്, ചന്ദ്രനഗർ | II |

| | | |
|---|---|---|
| 5 | അപരാജിത ഡൈനമിക്ക് സൈനർജി ലി., കരിങ്കരപ്പുള്ളി | I & II |
| 6 | വാട്ടർടെക്ക് ഇന്ത്യ (പ്രൈ) ലി., കരിങ്കരപ്പുള്ളി | I & II |
| 7 | പിവിഎസ് ഓട്ടോമൊബൈൽ കമ്പനി (പ്രൈ) ലി. | I & II |
| 8 | ജി.ജെ.മൾട്ടിക്ലേവ് (പ്രൈ) ലിമിറ്റഡ്, കുട്ടുപാത | I & II |
| 9 | ICICI ബാങ്ക്, ചന്ദ്രനഗർ | II |

5. തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകൾ പരിശോധന നടത്താതെ തൊഴിൽനികുതി ഈടാക്കിയതിനാൽ നികുതി നഷ്ടം

തൊഴിൽനികുതി സ്റ്റേറ്റ്മെന്റുകളിലെ രേഖപ്പെടുത്തലുകൾ പരിശോധിക്കാതെ നികുതി സ്വീകരിച്ചിരിക്കുന്നതിനാൽ റവന്യൂ നഷ്ടം ഉണ്ടായിരിക്കുന്നു. വരുമാനം കണക്കാക്കുമ്പോൾ അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, മറ്റ് അലവൻസുകൾ എന്നിവ കണക്കിലെടുക്കണമെന്നിരിക്കെ ക്ഷാമബത്ത കണക്കാക്കാതെ തൊഴിൽ നികുതി നിർണ്ണയിച്ചതിനാൽ മണപ്പുറം ഫൈനാൻസ്, കൊടുമ്പ് എന്ന സ്ഥാപനത്തിൽ നിന്നും രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി കുറവായാണ് ഇടാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | ഉദ്യോഗ പേര് | അടി സ്ഥാന ശമ്പളം | ക്ഷാമ ബത്ത | ആകെ ശമ്പളം | ഈടാ ക്കിയ നികുതി | ഈടാ ക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|---|
| വിപിൻ | ബ്രാഞ്ച് ഹെഡ് | 122334 | 13572 | 135906 | 1000 | 1250 | 250 |
| ധന്യ | അസി. ബ്രാഞ്ച് ഹെഡ് | 71571 | 13572 | 85143 | 600 | 750 | 150 |
| ശാന്തി കൃഷ്ണ | ജൂനിയർ അസിസ്റ്റന്റ് | 64108 | 13572 | 77680 | 600 | 750 | 150 |
| അശ്വതി | ജൂനിയർ അസിസ്റ്റന്റ് | 38415 | 13572 | 51987 | 300 | 450 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| ബേബി | ഹൗസ് കീപ്പിംഗ് അസിസ്റ്റന്റ് | 59373 | 13572 | 72945 | 450 | 600 | 150 |
| ജെറോം | ഏരിയ ഹെഡ് | 124576 | 13572 | 138148 | 1000 | 1250 | 250 |
| | | | | | | ആകെ | 1100 |

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 2/09.05.19 ന് രജിസ്റ്ററുകൾ, സ്റ്റേറ്റ്മെന്റുകൾ എന്നിവ പൂർണ്ണമാക്കി സൂക്ഷിക്കുന്നതാണെന്നും ഈടാക്കാൻ വിട്ടുപോയ തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതും പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.
2. തൊഴിൽ നികുതി ഈടാക്കാത്ത മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും അവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
3. കുറവായി ഈടാക്കിയ 1100/- രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ ഉത്തരവദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-4 ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ്

2017-18 വർഷത്തെ ഡി&ഒ ലൈസൻസ് അപേക്ഷകളും ഡിമാന്റ് രജിസ്റ്ററും പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

എ. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - പുതുക്കിയ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1996 എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്.

ഭേദഗതിക്കു മുമ്പ്, ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്. പുതുക്കിയ ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിന് (4/13.5.2019) മറുപടിയായി, പുതുക്കിയ ചട്ടങ്ങൾ പ്രകാരമാണ് നിലവിൽ ലൈസൻസ് ഫീസ് ഈടാക്കി വരുന്നത് എന്നറിയിച്ചിട്ടുണ്ട്.

ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടപ്രകാരമുള്ള രേഖകൾ ഉറപ്പാക്കുവാനും സമയപരിധി പാലിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

ബി. റേഷൻ കടകൾക്കുള്ള ലൈസൻസ് സംബന്ധിച്ച്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾക്ക് ഡി&ഒ ലൈസൻസ് ആവശ്യമാണ്. കൊട്ടുമ്പ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിശദാംശങ്ങളും, ഡി&ഒ ലൈസൻസ് സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുക എന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, കൊട്ടുമ്പ് ഗ്രാമപഞ്ചായത്ത് പരിധിയിൽ 5 റേഷൻ കടകളാണ് ഉള്ളത് എന്ന് അറിയിച്ചിട്ടുണ്ട്.

| ക്രമ നം. | വാർഡ് നം. | സ്ഥലം |
|---|---|---|
| 1 | 1 | പുളിയങ്കാവ് |
| 2 | 2 | ഓലശ്ശേരി |
| 3 | 13 | തിരുവാലത്തൂർ |
| 4 | 7 | കൊട്ടുമ്പ് |
| 5 | 14 | കല്ലിങ്കൽ |

മേൽ സൂചിപ്പിക്കപ്പെട്ട റേഷൻ കടയുടമകൾക്ക് ഡി&ഒ ലൈസൻസ് എടുക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് കത്ത് നല്കിയിട്ടുണ്ട് എന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ചതു പോലെ ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടും ലൈസൻസ് എടുക്കാതെ ഏതെങ്കിലും സ്ഥാപനം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് പഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

സി. അപേക്ഷകളിലെ രേഖപ്പെടുത്തലുകളുടെ കൃത്യത

ഡി&ഒ ലൈസൻസ് അപേക്ഷകളിൽ സ്ഥാപനങ്ങളുടെ പേര് കൃത്യമായി ചേർത്തിട്ടില്ലെന്നും,

പല അപേക്ഷകളിലും വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ലെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു. ഉദാഹരണം താഴെ ചേർക്കുന്നു.

1. ഡി & ഒ ലൈസൻസ് ഡിമാൻറ് രജിസ്റ്ററിൽ 106ാം ക്രമ നമ്പറിലുള്ള ശാന്തിഗിരി ആയുർവേദിക് മെഡിക്കൽ കോളേജ് എന്ന സ്ഥാപനത്തിന് ഡി & ഒ ലൈസൻസ് ഫീസായി 1000 രൂപ രസീതി നം. 11601105362 / (27.2.17) ഈടാക്കിയിട്ടുണ്ട്. അപേക്ഷയിൽ വിറ്റു വരവ് തുക രേഖപ്പെടുത്തിയിട്ടുമില്ല. 1996 ലെ ലൈസൻസ് ചട്ടങ്ങളിലെ പട്ടിക 1 ൽ മെഡിക്കൽ കോളേജ് ഉൾപ്പെട്ടിട്ടില്ല. ചട്ടപ്രകാരമുള്ള പട്ടികയിൽ ഉൾപ്പെടാത്ത സ്ഥാപനത്തിൽനിന്ന് ലൈസൻസ് ഫീസ് ഈടാക്കിയതിൻെറ കാരണം വിശദമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണം (10/14.05.2019) ത്തിന് മറുപടിയായി, ശാന്തിഗിരി ആയുർവേദ ഹോസ്പിറ്റൽ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് അപ്രകാരം ഫീസ് ഈടാക്കിയതെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

അപേക്ഷകളിൽ സ്ഥാപനത്തിന്റെ സ്വഭാവം കൃത്യമായ രേഖപ്പെടുത്തുവാനും ചട്ടങ്ങൾ പ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കുന്നതെന്നും ഉറപ്പാക്കേണ്ടതാണ്.

<u>ഡി. ഭാഗികമായി മാത്രം ലൈസൻസ് അനുവദിച്ചു</u>

2. ഡി & ഒ ലൈസൻസ് ഡിമാൻറ് രജിസ്റ്ററിൽ 244ാം ക്രമ നമ്പറിലുള്ള ശ്രീ.മോഹനൻ.ജി യുടെ ഉടമസ്ഥതയിലുള്ള ഇൻഡൽ ഹോണ്ട എന്ന സ്ഥാപനത്തിന് ഇൻസ്റ്റലേഷൻ ഓഫ് മെഷിനറീസ് എന്നയിനത്തിൽ രസീതി നം. 117010101107/(17.6.17) മുഖേന 500 രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ മേൽ രസീതി പ്രകാരം ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഇപ്രകാരം ഭാഗികമായി ലൈസൻസ് ഫീസ് ഈടാക്കിയതിൻെറ കാരണം വിശദമാക്കേണ്ടതാണന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി 2017-18 സാമ്പത്തിക വർഷത്തെ ഫീസ് അടവാക്കാത്തതിനാൽ മേൽ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടില്ല എന്നും, അടിയന്തിരമായി ലൈസൻസ് ഫീസ് അടവാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുന്നതാണെന്നും പഞ്ചായത്ത് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനത്തിൻെറ ലൈസൻസ് സംബന്ധിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>ഇ. ഡിമാന്റ് രജിസ്റ്ററിന്റെ സൂക്ഷിപ്പ്</u>

ഡിമാന്റ് രജിസ്റ്ററിൽ വർഷാവസാന സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ വരവ് രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധന നടത്തുവാൻ സാധിച്ചിട്ടില്ല.

<u>എഫ്. ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നത് ചട്ടപ്രകാരമാണെന്നും ആവശ്യമായ രേഖകൾ ഉണ്ടെന്നും മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥൻ കൂടി ഉറപ്പാക്കേണ്ടതാണ്.

2. ലൈസൻസ് അനുവദിക്കുമ്പോൾ സമയപരിധി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3. ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവയിലെ കൃത്യത ഉറപ്പാക്കി മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

4. സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-7-2017 പ്രകാരം നിലിവിലുള്ളതും

പുതുതായി ഡി&ഒ ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതും കൃത്യമായ പരിശോധന നടത്തി ഫലം പ്രസിദ്ധപ്പെടുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പാലിക്കേണ്ടതാണ്.

5. ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

6. ഭാഗികമായി ലൈസൻസ് അനുവദിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ്

കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, പെർമിറ്റ് ഫയലുകൾ, ക്രമവൽകരണം സംബന്ധിച്ച ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പൂർണ്ണമല്ല

കെട്ടിട നിർമ്മാണ പെർമിറ്റിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. കെട്ടിടത്തിന്റെ തരം, വിസ്തീർണ്ണം, തറവിസ്തീർണ്ണാനുപാതം, അടവാക്കിയ ഫീസ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ചില അപേക്ഷകൾക്ക് നേരെ അനുവദിച്ചതോ നിരസിച്ചതോ ആയ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ ആകെ അനുവദിച്ച പെർമിറ്റുകൾ എത്രയെന്നത് വ്യക്തമല്ല.

2. കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 137(3) പ്രകാരം കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിച്ച നിബന്ധനകൾ, രാജിയാക്കൽ ഫീസ് എന്നിവ ഉൾപ്പെടെ പൂർണ്ണമായ വിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ 'അനുബന്ധം-ജെ' മാതൃകയിൽ സൂക്ഷിക്കേണ്ടതാകുന്നു. ക്രമവൽകരണം സംബന്ധിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുകയോ ക്രമവൽകരിച്ച കെട്ടിടത്തിന്റെ വിവരങ്ങൾ എവിടെയും രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3. പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ഫ്ലോർ ഏരിയയ്ക്ക് പകരം പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയിരിക്കുന്നു

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 11(3) പ്രകാരമുള്ള

ഷെഡ്യൂൾ II ൽ പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ ഫ്ലോർ ഏരിയയുടെ അടിസ്ഥാനമാക്കിയാണ് നിശ്ചയിച്ചിട്ടുള്ളത് (per sqare metre of floor area). കൂടാതെ കാർഷെഡ്, ടൊയ്‌ലറ്റ്, വാച്ച് & വാർഡ് കാബിൻ മുതലായവയും ഫ്ലോർ ഏരിയയോടൊപ്പം പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ചേർക്കേണ്ടതാണ്. ചട്ടം 8 -ൽ തറവിസ്തീർണ്ണം (Floor Area) കണക്കാക്കേണ്ട വിധം നിർവചിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം സങ്കേതം സോഫ്റ്റ്‌വെയർ മുഖേനയും മാന്വലായും അനുവദിച്ച മുഴുവൻ കെട്ടിട നിർമ്മാണ പെർമിറ്റുകൾക്കും പെർമിറ്റ് ഫീസ് നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളത് പ്ലിന്ത് ഏരിയയാണ്.

4. നിയമാനുസൃതമല്ലാത്ത പെർമിറ്റ് ഫീസ് ഈടാക്കിയിരിക്കുന്നു

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 34(2)(ii), 35 (2)(iii) എന്നിവ പ്രകാരം ഒന്നിലധികം ഉപയോഗ ഗണങ്ങളുള്ള, 0.5 ഹെക്ടറിൽ താഴെ പ്ലോട്ട് ഏരിയയുള്ള കെട്ടിടങ്ങളുടെ തറവിസ്തീർണ്ണാനുപാതം നിശ്ചയിക്കേണ്ടതും പെർമിറ്റ് ഫീസ് കണക്കാക്കേണ്ടതും കൂടുതൽ നിയന്ത്രിത ഗണത്തിന്റെ (most restrictive occupancy) അടിസ്ഥാനപ്പെടുത്തിയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഉപയോഗ ഗണത്തിന്റെ ശരാശരിയുടെ അടിസ്ഥാനത്തിൽ ഫീസ് കണക്കാക്കുന്ന രീതിയാണ് തുടർന്നുവരുന്നത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പെർമിറ്റ് നം | എ4-2531/17 തിയ്യതി 27.05.2017 |
| അപേക്ഷകന്റെ പേര് | ശ്രീ. മോഹനൻ, 'കാർത്തിക', തിരുവാലത്തൂർ, പാലക്കാട് |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം (Proposed) | G F-34 (Non Residential) FF -127 ( Residential) |
| നിലവിലെ പെർമിറ്റ് ഫീസ് നിർണ്ണയം | 34*5+ 127*3 =551 |
| ചട്ടപ്രകാരം നിർണ്ണയിക്കേണ്ടത് | 161*5=805 |

അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. സാങ്കേതിക വിഭാഗത്തിന്റെ അന്വേഷണം കൂടാതെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിരിക്കുന്നു

പെർമിറ്റ് നം. : എ 4-3128/2017 തി 06.06.2017

അപേക്ഷകന്റെ പേര് : ശ്രീ. ദണ്ഡപാണി & ശ്രീ. ഗോപി, സായ് നിവാസ്, മാങ്ങോട്, പുതുനഗരം.

കെട്ടിടത്തിന്റ വിസ്തീർണ്ണം : 711.08 ച മീ

ഉപയോഗക്രമം : വാണിജ്യാവശ്യം

മേൽ അപേക്ഷ സാങ്കേതിക വിഭാഗം പരിശോധിച്ചതായി കാണുന്നില്ല. സെക്രട്ടറി സ്ഥലം പരിശോധിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അളവുകൾ പരിശോധിക്കുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല. സാങ്കേതിക പരിശോധന കൂടാതെ പെർമിറ്റ് അനുവദിച്ചിരിക്കുന്നു.

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 6/16.05.19 ന് അപാകതകൾ പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ പാലിക്കേണ്ടതാണ്

ജി.ഒ(എം.എസ്)നം.170/07തസ്വഭവ തിയതി 30.6.2007 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകളെക്കുറിച്ചും റെക്കോർഡുകളെക്കുറിച്ചും മാർഗ്ഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്. സർക്കാർ വാഹനങ്ങളുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനായി 12.8.2008 ന് 41/2008-ാം നമ്പറായി ധനവകുപ്പ് വിശദമായ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ ഉപയോഗത്തിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

വാഹനം (Bolero) രജിസ്ട്രേഷൻ നം.- KL 09-AE-7601

എ. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

വാഹനത്തിന്റെ ലോഗ് ബുക്ക് മാത്രമാണ് നിലവിൽ സൂക്ഷിച്ചു പോരുന്നത്. റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ മുതലായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ലോഗ് ബുക്കിന്റെ എല്ലാ കോളങ്ങളും പൂരിപ്പിക്കാതെയും ആവശ്യമായ സാക്ഷ്യപ്പെടുത്തൽ നടത്താതെയും ഒഴിച്ചിട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

ഓരോ മാസാവസാനവും കിലോമീറ്റർ, ഇന്ധന അളവ് എന്നിവയുടെ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

സ.ഉ(പി)നം.161/2006/ഫിൻ തിയതി 31-3-2006 പ്രകാരം സൂക്ഷിക്കേണ്ട വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, ഇൻഷുറൻസ് പോളിസിയുടെ വിവരം കാണിക്കുന്ന രജിസ്റ്റർ മുതലായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

<u>ബി. ഇന്ധനം നിറയ്ക്കൽ</u>

കസ്റ്റോഡിയൻ ഓഫീസറുടേയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയോ സാന്നിദ്ധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതാണെന്ന നിബന്ധനയും പാലിക്കുന്നില്ല. പലപ്പോഴും കുറഞ്ഞ അളവിലുള്ള ഇന്ധനമാണ് നിറയക്കുന്നത്. ഇന്ധനം നിറയ്ക്കുന്നതിന്റെ വിവരം ലോഗ് ബുക്കിൽ ചേർക്കുന്നതിൽ വീഴ്ച വരുത്തിയിട്ടും നിർവ്വഹണാധികാരി ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടില്ല.

<u>സി. ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. വാഹനത്തിന്റെ ഉപയോഗത്തിൽ ജി.ഒ(എം.എസ്)നം.170/07തസ്വഭവ 30.6.2007 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
2. ആവശ്യമായ രേഖകൾ കൃത്യതയോടെ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്.
3. ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് കൃത്യമായി നടത്തേണ്ടതാണ്.
4. നിയന്ത്രണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-2 <u>തെരുവു വിളക്കുകളുടെ പരിപാലനത്തിനായി ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്</u>

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ അനുബന്ധം III അനുസരിച്ചുള്ള പട്ടികയിലെ ക്രമ നമ്പർ 15 പ്രകാരം തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തുകൾക്ക് തെരുവു വിളക്കുകളുടെ പരിപാലനത്തിനായി തുക ചെലവഴിക്കേണ്ടത് അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

താഴെ ചേർക്കുന്നു.

തെരുവു വിളക്കുകളുടെ രജിസ്റ്റർ

ഗ്രാമപഞ്ചായത്തിൽ തെരുവു വിളക്കുകളുടെ കൃത്യമായ എണ്ണം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മീറ്റർ സംവിധാനം

നിലവിൽ മരുതറോഡ് ഇലക്ട്രിക് സെക്ഷൻ ഒഴികെയുള്ള എല്ലാ ലാമ്പുകളും മീറ്ററിനു കീഴിൽ ആക്കിയിട്ടുണ്ട്.

പരിപാലനച്ചെലവ്

2017-18 വർഷത്തിൽ തെരുവു വിളക്കുകളുടെ പരിപാലനത്തിനായി ചെലവഴിച്ച തുകയുടെ താഴെ ചേർക്കുന്നു.

വൈദ്യുതി ചാർജ്ജ് - 1049583

റിപ്പയർ - 972115

ആകെ - 2021698

ഊർജ്ജ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ

ഊർജ്ജ ഉപഭോഗം കൂടുതലുള്ള 40 വാട്ടിന്റേയും 80 വാട്ടിന്റേയും ട്യൂബ് ലൈറ്റുകളും 250 വാട്ടിന്റെ സോഡിയം വേപ്പർ ലാമ്പുകളും ധാരാളമായി ഗ്രാമപഞ്ചായത്തിലുണ്ട്. ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ ഒഴിവാക്കി ഊർജ്ജ ഉപഭോഗം കുറവും ആയുസ്സ് കൂടുതലുള്ളതുമായ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനായി ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ മാറ്റി താരതമ്യേന വാട്ടേജ് കുറവുള്ള എൽ.ഇ.ഡി ലാമ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

എല്ലാ സെക്ഷനുകളിലും മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

തെരുവു വിളക്കുകളുടെ വാർഡ് തിരിച്ചുള്ള എണ്ണവും തരവും കാണിക്കുന്ന രജിസ്റ്റർ കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 ഡെപ്പോസിറ്റ് വർക്കുകൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

തൻവർഷം താഴെ പറയുന്ന വൈദ്യുതീകരണ പ്രവൃത്തികൾക്കായി സെക്രട്ടറി വൈദ്യുതി ബോർഡിൽ തുക ഡെപ്പോസിസ്റ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നമ്പരും, പേരും | അടങ്കൽ (₹) | ചെലവ് (₹) | ട്രഷറി ബിൽ നം. & തീയതി | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 10/18, വിവിധ വാർഡുകളിൽ ഇലക്ട്രിഫിക്കേഷൻ ദീർഘിപ്പിക്കൽ | 600000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 600000 | 13/28-10-2017 | ₹322440- അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, തത്തമംഗലം, ₹277560- അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, എലപ്പുള്ളി |
| 2 | 203/18, വിവിധ വാർഡുകളിൽ ഇലക്ട്രിഫിക്കേഷൻ ദീർഘിപ്പിക്കൽ | 750000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 372104 | ₹96504- 13/28-10-2017, ₹275600- 22/21-02-2018 | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, സുൽത്താൻപേട്ട, പാലക്കാട് |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയുടെ ഭാഗമായി 18 ഗുണഭോക്താക്കൾക്ക് 6250 രൂപ വീതം 112500 രൂപയും, 20 ഗുണഭോക്താക്കൾക്ക് 12500 രൂപ വീതം 250000 രൂപയും മൃഗ സംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടരുടെ (കന്നുകുട്ടി പരിപാലന പദ്ധതി) ട്രഷറി അക്കൗണ്ടിലേക്ക് (A/C No. 714021400000008) വെറ്ററിനറി സർജ്ജൻ കൈമാറിയിട്ടുണ്ട്.

| ക്രമ | പ്രോജക്ട് | അടങ്കൽ (₹) | ചെലവ് | ട്രഷറി ബിൽ നം. |
|---|---|---|---|---|

| നം. | നമ്പരും, പേരും | | (₹) | & തീയതി |
|---|---|---|---|---|
| 1 | 201/18, പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി | 112500 (പ്ലാൻ ഫണ്ട്- ജനറൽ)<br>112500 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>225000 (മറ്റുള്ളവ) | 112500 (പ്ലാൻ ഫണ്ട്- ജനറൽ) | 01/12-01-2018 |
| 2 | 221/18, പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി- രണ്ടാം ഘട്ടം | 300000 (പ്ലാൻ ഫണ്ട്- ജനറൽ)<br>300000 (മറ്റുള്ളവ) | 250000 (പ്ലാൻ ഫണ്ട്- ജനറൽ) | 03/23-03-2018 |

എന്നാൽ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്നന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-5 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിന്മേലുള്ള പൊതു നിരീക്ഷണങ്ങൾ

## 1. മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും വിലയിരുത്തൽ

### എ. ഫണ്ട് വകയിരുത്തലും ചെലവും

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് സ്പിൽഓവർ ഉൾപ്പെടെ ആകെ 138 പ്രൊജക്ടുകൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ 65 പ്രവൃത്തികൾ മാത്രമാണ് തൻവർഷം ആരംഭിച്ചിട്ടുള്ളത്. വകയിരുത്തിയ 3.86 കോടി രൂപയിൽ 1.69 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 44% തുക മാത്രമാണ് തൻവർഷം ചെലഴിച്ചിട്ടുണ്ട്. മാർച്ച് മാസം 28 മുതൽ 31 വരെയുള്ള 15 ബില്ലുകൾ ട്രഷറിയിൽ നിന്നും തുക മാറാതെ ക്യൂ ബില്ലുകളായതിനാൽ ചെലവായി കണക്കാക്കുവാൻ സാധിക്കാതിരുന്നത് ചെലവ് ശതമാനത്തെ ബാധിച്ചിട്ടുണ്ട്.

വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിനു പകരം വ്യക്തമായ സ്ഥിതിവിവര കണക്കുകളേയും റോഡ് കണക്റ്റിവിറ്റി മാപ്പിനേയും അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയ്ക്ക് മുൻഗണന നിശ്ചയിച്ച് പദ്ധതികൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മകമായ ചർച്ചകൾ നടന്നതിന്റേയോ നിർദ്ദേശങ്ങൾ

വിലയിരുത്തിയതിന്റെയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും പദ്ധതികളുടെ ആസൂത്രണ ഘട്ടത്തിൽ ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതാണെന്ന് വിലയിരുത്തുന്നു. സാമ്പത്തിക വർഷാവസാനം കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിൽ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചെലവ് ശതമാനം കുറയുവാനുണ്ടായ വ്യക്തമായ കാരണം വ്യക്തമാക്കേണ്ടതാണ്.

ബി. മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1. പുതുക്കിയ പൊതുമരാമത്ത് മാന്വലിനനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ കാലികമാക്കേണ്ടതാണ്. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി കാലികമായ നിബന്ധനകൾ ഉൾപ്പെടുത്തേണ്ടതാണ്.

2. എഗ്രിമെന്റ് രജിസ്റ്ററിലും ബില്ലുകളിലും പ്രവൃത്തികളുടെ കൃത്യമായ പൂർത്തീകരണ തിയതി രേഖപ്പെടുത്തേണ്ടതാണ്.

3. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കേണ്ടതാണ്.

4. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

5. ഇ-ടെണ്ടറിൽ കരാറുകാരുടെ നിരക്കുകളുടെ താരതമ്യ പട്ടിക എല്ലാ ഫയലുകളിലും സൂക്ഷിക്കേണ്ടതാണ്.

6. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള കരാറുകാരുടെ അപേക്ഷയിലും എഞ്ചിനിയറുടെ റിപ്പോർട്ടിലും തിയതി രേഖപ്പെടുത്തുന്നില്ല. സപ്ലിമെന്ററി എഗ്രിമെന്റുകളിലെ തിയതി പ്രവൃത്തികളുടെ പൂർത്തീകരണ തിയതി കഴിഞ്ഞുള്ളതാണെന്ന് ശ്രദ്ധയിൽപ്പെട്ടു. കരാറുകാരിൽ നിന്നും പൂർത്തീകരണ കാലയളവിനുള്ളിൽ അപേക്ഷ സ്വീകരിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വെച്ചതിനുശേഷം മാത്രം കാലാവധി ദീർഘിപ്പിച്ചു നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മരാമത്ത് രേഖകളുടെ സൂക്ഷിപ്പിൽ കുറേക്കൂടി കൃത്യത പാലിക്കേണ്ടതാണ്.

2. ആസ്തി സംരക്ഷണ പദ്ധതി

എ. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

റോഡ് സംരക്ഷണത്തിനായി 8241363 രൂപയും റോഡിതര ആസ്തികൾക്കായി 2312725 രൂപയും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. മെയ്ന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ തൻവർഷം ലഭിച്ച തുകയിൽ 87 ശതമാനവും റോഡിതര ഇനത്തിൽ ലഭിച്ച തുകയിൽ 81 ശതമാനവും ചെലവഴിച്ചിട്ടുണ്ട്.

റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്നി വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.
സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉണ്ടാകേണ്ടതാണ്.

സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നതിനു പുറമേ ഘടക സ്ഥാപനങ്ങളിൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും സേവനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങാവുന്നതുമാണ്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാനും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്ക വിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്.

ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിനു മുമ്പായി വിളിച്ചു ചേർക്കുന്ന ഘടകസ്ഥാപനങ്ങളിലെ മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്റ്റുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.

അത്തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും തൻവർഷം നടന്നിട്ടില്ല.

രേഖകളുടെ പരിശോധനയിൽ ആവശ്യമായ പല പ്രവർത്തനങ്ങളും നടന്നിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.
മേൽ വിഷയത്തിൽ തൃപ്തികരമായ ശദീകരണം ലഭ്യമാക്കേണ്ടതാണ്.

<u>ബി. ഘടക സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തൽ - ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടപ്പിലായിട്ടില്ല</u>

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ നവീകരണത്തിനായി ആവിഷ്കരിക്കപ്പെട്ട പല പ്രൊജക്റ്റുകളും തൻവർഷം നടപ്പാക്കിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | വകയിരുത്തിയ തുക |
|---|---|---|
| 1 | 32/18 - ജി.എൽ.പി എസ്, തിരുവാലത്തൂർ നവീകരണം | 100000 |

| | | |
|---|---|---|
| 2 | 34/18 – പി.എച്ച്.സി നവീകരണം | 900000 |
| 3 | 36/18 – കോൽക്കാടി അങ്കണവാടി നവീകരണം | 400000 |
| 4 | 37/18 – കൃഷിഭവൻ നവീകരണം | 300000 |
| 5 | 132/18 – മൃഗാശുപത്രി നവീകരണം | 250000 |

സി. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് മെയ്ന്റനൻസ് പ്ലാൻ തയ്യാറാക്കേണ്ടതും ആയതിനുസരിച്ച് മെയ്ന്റനൻസ് പ്രവൃത്തികൾക്ക് രൂപം നൽകേണ്ടതു മാണ്.
2. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഈ വിഷയത്തിൽ ആവശ്യമായ ചർച്ചകൾ ഉണ്ടാകേണ്ടതാണ്.
3. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യത്തിന് മുൻഗണന നൽകി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കേണ്ടതാണ്.

   മേൽ വിഷയത്തിൽ തൃപ്തികരമായ ശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-6 അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ ഇ-ടെണ്ടറുകൾ നടത്തുന്നതിനായി എസ്.ബി.ഐയിൽ ഒരു കറണ്ട് അക്കൗണ്ട് നിലവിലുണ്ട്.

അക്കൗണ്ട് നം. 37127562792

അക്കൗണ്ടിൽ നിലവിൽ 31241 രൂപ അവശേഷിക്കുന്നുണ്ട്. ടെണ്ടർ ഫോറങ്ങളുടെ വില ഗ്രാമപഞ്ചായത്തിന് അവകാശപ്പെട്ടതായതിനാൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-7 കരിപ്പാലി കുടിവെള്ള പദ്ധതി-പഴയ വാട്ടർ ടാങ്ക്

## സ്റ്റോക്കിലെടുത്തില്ല

പ്രൊ.നം.131/17-കരിപ്പാലി കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണി

അടങ്കൽ - 100000 (പ്ലാൻ-എസ്.സി.പി)

കരാറുകാരൻ:കെ.കെ.പത്മകുമാർ

എഗ്രിമെന്റ്: 26/15-2- 17

അളവ് പുസ്തകം : 98/16-1-17

പതിനാലാം വാർഡിലുള്ള കരിപ്പാലി കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള 5000 ലിറ്റർ ടാങ്ക് ദ്വാരം വീണ് ഉപയോഗശൂന്യമായതിനാൽ ആയത് മാറ്റി 10000 ലിറ്റർ ടാങ്ക് സ്ഥാപിച്ചിട്ടുണ്ട്. അളവ് പുസ്തകം പരിശോധിച്ചതിൽ പഴയ ടാങ്ക് തിരികെ ഏൽപ്പിച്ചിട്ടില്ലെന്ന് കണ്ടെത്തി. ആയത് പഞ്ചായത്തിലേക്ക് തിരികെ ഏൽപ്പിച്ച് സ്റ്റോക്കിലെടുത്തതിനും രേഖകളില്ല.

വാട്ടർ ടാങ്കിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/14-5-19) വാട്ടർടാങ്ക് പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചു.
വാട്ടർ ടാങ്ക് തിരികെ സ്റ്റോക്കിലെടുത്ത് കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലഭ്യമാകുന്ന തുക തനത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 ആലംകോട് കുടിവെള്ള പദ്ധതി-പഴയ മോട്ടോർ ഉപയോഗപ്പെടുത്തുകയോ കയ്യൊഴിക്കുകയോ ചെയ്തില്ല

പ്രൊ.നം. 128/18-ആലംകോട് കുടിവെള്ള പദ്ധതി

അടങ്കൽ - 300000 (സി.എഫ്.സി)

കരാറുകാരൻ:ശ്രീ.പത്മകുമാർ.കെ.കെ

എഗ്രിമെന്റ്: 71/21-3- 17

അളവ് പുസ്തകം : 111/16-17

ബിൽ നം. 17/25-9-17 : 83247

48/ 28-2-18: 113976

നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ പമ്പിന്റെ ശേഷി കുറഞ്ഞതിനാൽ പഴയ മോട്ടോർ മാറ്റി പുതിയ 5HP മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്.

പഴയ മോട്ടോർ പഞ്ചായത്തിലേക്ക് 6-11-2017 ന് തിരികെ ഏൽപ്പിച്ചിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
മോട്ടോറിൻറെ നിലവിലെ സ്ഥിതി വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 12/14-5-19 ന് തൃപ്തികരമായ മറുപടി ലഭ്യമായില്ല.
ഓഡിറ്റ് നിർദ്ദേശങ്ങൾ
1. പഴയ മോട്ടോർ മറ്റേതെങ്കിലും കുടിവെള്ള പദ്ധതിക്കായി ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
2. ഉപയോഗപ്രദമല്ലെങ്കിൽ ആയത് കയ്യൊ ഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-9 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ കിച്ചൺ നിർമ്മാണം - എസ്റ്റിമേറ്റ് ഭാഗികമായി തയ്യാറാക്കി

പ്രൊ.നം. 163/18-പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ കിച്ചൺ നിർമ്മാണം

അടങ്കൽ - 1300000 (എം.ജി - നോൺ റോഡ്)

കരാറുകാരൻ:ശ്രീ.ഹാരിക്.ആർ

എഗ്രിമെന്റ്: 82/27-3- 17

അളവു പുസ്തകം : 20,71, 78/16-17

ബിൽ നം. 45/28-2-18 : 702579 (39768 രൂപ സർവ്വീസ് ടാക്സ് ഉൾപ്പെടെ)

46/ 28-2-18: 406695 (23020 രൂപ സർവ്വീസ് ടാക്സ് ഉൾപ്പെടെ)

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ജോലികൾക്കായി പ്രൊവിഷൻ നൽകാതിരുന്നതിനാൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടും വൈദ്യുതീകരണവും, പ്ലംബിംഗും നടത്തിയിട്ടില്ല. .കെട്ടിടം നിലവിൽ തൃപ്തികരമായ രീതിയിൽ ഉപയോഗിക്കുവാൻ സാധിക്കാത്ത സ്ഥിതിയിലാണുള്ളത്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് മുൻഗണന നൽകേണ്ട റോഡിതര സംരക്ഷണ ഗ്രാന്റ് പഞ്ചായത്തിന്റെ ആസ്തിയുടെ നിർമ്മാണത്തിനായി വകയിരുത്തിയതിനുള്ള കാരണം വിശദീകരിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (12/14-5-19) തൃപ്തികരമായ മറുപടി ലഭ്യമായില്ല.
ഓഡിറ്റ് നിർദ്ദേശങ്ങൾ
1. കെട്ടിട നിർമമാണങ്ങൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് മുതലായ അനുബന്ധ പ്രവൃത്തികൾക്ക് കൂടിയുള്ള പ്രൊവിഷൻ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. കെട്ടിടത്തിന്റെ പൂർണ്ണമായ അർത്ഥത്തിലുള്ള പൂർത്തീകരണം നടത്തുന്നതിനുള്ള തുടർ പ്രവൃത്തികൾ ആവിഷ്കരിക്കേണ്ടതാണ്.
3. മെയ്ന്റനൻസ് ഗ്രാന്റ് വക മാറ്റി ചെലവഴിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 വിവിധ പ്രവൃത്തികളുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ പിഴ ഈടാക്കിയില്ല

2011 ലെ കേരള പി.ഡബ്ള്യു.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതല്ല.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 1%<br>കുറഞ്ഞത് 1000 രൂപ<br>കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000 രൂപ<br>കൂടിയത് 100000 രൂപ |

മാന്വലിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് 2016-17 വർഷത്തിൽ എഗ്രിമെന്റ് വെക്കുകയും 2017-18 വർഷത്തിൽ പൂർത്തീകരിക്കുകയും ചെയ്ത വിവിധ പ്രവൃത്തികളുടെ കരാറുകാർ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷ പൂർത്തീകരണ കാലാവധിക്കുള്ളിൽ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. അത്തരത്തിൽ പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടേയും ഈടാക്കേണ്ടിയിരുന്ന പിഴയുടേയും വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | കരാർ സംഖ്യ | പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ (രൂപ) | ഈടാക്കിയ പിഴ (രൂപ) | കുറവ് |
|---|---|---|---|---|---|---|---|
| 1 | 99/17-ജി.എൽ.പി.എസ് കിച്ചൺ നിർമ്മാണം<br>അടങ്കൽ - 308000<br>കരാറുകാരൻ - ശ്രീ.സുരേഷ് കുമാർ.എം.<br>എഗ്രിമെന്റ് നം.:66/17-3-17<br>ബിൽ നം. 40/19-2-2018 | 308000 | 30-9-17 | 11-10-17 | 3080 | 1404 | 2404 |
| 2 | 114/17-കണ്ണംപരിയാരം റോഡ്<br>അടങ്കൽ - 250000<br>കരാറുകാരൻ - ശ്രീ.സമീർഖാൻ.എ<br>എഗ്രിമെന്റ് നം.:52/25-2-17<br>ബിൽ നം. 31/19-2-2018 | 250000 | 25-8-17 | 30-1-18 | 2500 | 0 | 2500 |
| 3 | 135/18-ചേക്കോൽകുളം റോഡ് മെറ്റലിംഗ്-ടാറിംഗ്<br>അടങ്കൽ - 250000 | 250000 | 25-8-17 | 31-1-18 | 2500 | 0 | 2500 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കരാറുകാരൻ - ശ്രീ.സമീർഖാൻ.എ<br><br>എഗ്രിമെന്റ് നം.:51/25-2-17<br><br>ബിൽ നം. 32/19-2-2018 | | | | | | |
| 4 | 77/17-താകുറിശ്ശി റോഡ് മെറ്റലിംഗ്-ടാറിംഗ്<br><br>അടങ്കൽ - 400000<br><br>കരാറുകാരൻ - ശ്രീ.സമീർഖാൻ.എ<br><br>എഗ്രിമെന്റ് നം.:77/18-3-17<br><br>ബിൽ നം. 39/19-2-2018 | 400000 | 17-9-17 | 31-1-18 | 4000 | 0 | 4000 |
| 5 | 141/18-മന്ദം ചേപ്പിലം തിട്ട റോഡ് റീടാറിംഗ്<br><br>അടങ്കൽ - 250000<br><br>കരാറുകാരൻ - ശ്രീ.രാധാകൃഷ്ണൻ<br><br>എഗ്രിമെന്റ് നം.:37/18-2-17<br><br>ബിൽ നം. 43/14-2-2018 | 250000 | 17-8-17 | 30-1-18 | 2500 | 0 | 2500 |
| 6 | 84/17-കാട്ടിരം കുന്നം ലക്ഷം വീട് കുടിവെള്ള പദ്ധതി<br><br>അടങ്കൽ - 495000<br><br>കരാറുകാരൻ - ശ്രീ.കെ.കെ. പത്മകുമാർ<br><br>എഗ്രിമെന്റ് നം.:29/15-2-17<br><br>ബിൽ നം. | 495000 | 31-8-17 | 12-2-18 | 4950 | 0 | 4950 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 51/28-2-2018 | | | | | | |
| 7 | 65/17-അയ്യപ്പൻകാവ് റോഡ് റീടാറിംഗ്<br>അടങ്കൽ - 400000<br>കരാറുകാരൻ - ശ്രീ.സുന്ദരൻ<br>എഗ്രിമെന്റ് നം.:19/15-2-17<br>ബിൽ നം. 51/10-2-2018 | 400000 | 9-8-17 | 2-2-18 | 4000 | 0ത് | 4000 |
| 8 | 121/17-തോട്ടുപാലം കല്ലിങ്കൽ ഒരുമനാൾ റോഡ് മെറ്റലിംഗ് & റീടാറിംഗ്<br>അടങ്കൽ - 300000<br>കരാറുകാരൻ - ശ്രീ.രാധാകൃഷ്ണൻ<br>എഗ്രിമെന്റ് നം.:34/18-2-17<br>ബിൽ നം. 51/10-2-2018 | 300000 | 17-8-17 | 16-2-18 | 3000 | 0 | 3000 |
| | | | | | | ആകെ | 25854 |

ടാർ ലഭിക്കുന്നതിൽ കാലതാമസം നേരിട്ടതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണ കാവാലധി ദീർഘിപ്പിച്ചു നൽകുവാനുള്ള കരാറുകാരുടെ അപേക്ഷയിൽ ഒന്നിലും തിയതി രേഖപ്പെടുത്തിയിട്ടില്ല. അസി. എഞ്ചിനിയറുടെ ശുപാർശയിലും തിയതി രേഖപ്പെടുത്തിയിട്ടില്ല. സപ്ലിമെന്ററി എഗ്രിമെന്റിൽ രേഖപ്പെടുത്തിയിട്ടുള്ള തിയതി യഥാർത്ഥ പൂർത്തീകരണ കാലാവധിക്കു ശേഷമുള്ളതാണ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യഥാർത്ഥ പൂർത്തീകരണ കാലാവധിക്കു മുമ്പ് സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമാണ് പിഴ കൂടാതെ പരിഗണിക്കാവുന്നത് എന്നിരിക്കെ തിയതി രേഖപ്പെടുത്താത്ത അപേക്ഷകൾ പരിഗണിച്ചതും

കരാറുകാരന്റെ കാരണം കൊണ്ടുള്ള അപാകതകമൂലം ഉണ്ടായ കാലതാമസത്തിന് പിഴ ഒഴിവാക്കി നൽകിയതും ക്രമപ്രകാരമല്ല.

മേൽ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണത്തിന്(12/14-5-2019) പരാമർശങ്ങൾ അതാത് കരാറുകാരെയും നിർവ്വഹണ ഉദ്യോഗസ്ഥനേയും അറിയിച്ചിട്ടുണ്ടെന്ന് നിലവിലെ അസി. എഞ്ചിനിയർ മറുപടി നൽകിയിട്ടുണ്ട്.

ഈടാക്കുവാൻ വിട്ടുപോയ തുകകൾ കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 ജി.എൽ.പി.എസ് കിച്ചൻ നിർമ്മാണം - കരാറുകാരൻ പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല

പ്രൊ.നം. 133/18-ജി.എൽ.പി.എസ് കിച്ചൻ നിർമ്മാണം

അടങ്കൽ - 308000 (എം.ജി-നോൺ റോഡ്)

കരാറുകാരൻ:ശ്രീ.സുരേഷ് കുമാർ.എം

എഗ്രിമെന്റ്: 62/17-3- 17

അളവു പുസ്തകം : 76, 117, 112/16-17

ബിൽ നം. 22/30-10-17 : 155604

40/19-2-18: 140396

നിലവിലെ ഷെഡ് പൊളിച്ചു മാറ്റി 2.4 മീ x3.6 മീ നീളത്തിൽ അടുക്കള നിർമ്മിക്കുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചത്.

ഷെഡ് പൊളിച്ചു മാറ്റുവാൻ കാലതാമസം വന്നതിനാൽ 30-10-17 വരെ കാലവധി ദീർഘിപ്പിച്ചു നൽകുവാനുള്ള കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് പിഴ കൂടാതെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

പഴയ കെട്ടിടം പൊളിച്ചു നീക്കുന്നതിനായി എസ്റ്റിമേറ്റിൽ 23-ാം ഇനമായി Demolishing brick work and Stacking of serviceabel material and disposal of unserviceable material ഉൾപ്പെടുത്തിയിട്ടുണ്ട്. അളവു പുസ്തകം നം. 117/16-17 ലെ പേജ് നം. 19 ൽ ക്രമ നം. 23 പ്രകാരം പഴയ കെട്ടിടം പൊളിക്കുന്നതിനുള്ള പ്രവൃത്തി Not Executed എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

30-9-2017 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി 11-10-17 നാണ് പൂർത്തീകരിച്ചത്. ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 12/14-5-2019 ന് തൃപ്തികരമായ മറുപടി ലഭ്യമായില്ല.
ചെയ്യാത്ത പ്രവൃത്തിയുടെ കാരണത്താൽ കാലാവധി ദീർഘിപ്പിച്ച് നൽകിയ് അംഗീകരിക്കുന്നില്ല. ആയതിനാൽ ഈടാക്കുവാൻ വിട്ടുപോയ 1% പിഴ 1556 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-12 കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തിന് ബാധ്യതയാകുന്നു

സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം പാലിച്ചിട്ടില്ല. കുടിവെള്ള വിതരണ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമല്ലാത്തതുമൂലം വെള്ളക്കരം ഇനത്തിലെ വരവും ചെലവും തമ്മിൽ വലിയ അന്തരം നിലനിൽക്കുകയും സ്ഥാപനങ്ങളുടെ ധനസ്ഥിതിയെ സാരമായി ബാധിക്കുകയും ചെയ്തിട്ടും പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള ശ്രമം ഉണ്ടാകുന്നില്ല.

കൊടുമ്പ് ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന 4 കുടിവെള്ള വിതരണ പദ്ധതികളാണുള്ളത്. പദ്ധതികളിലെ ഗുണഭോക്താക്കളുടെ എണ്ണം താഴെ ചേർക്കുന്നു.

| പദ്ധതി | ഗുണഭോക്താക്കൾ |
|---|---|
| പാവോടി കുടിവെള്ള പദ്ധതി | 359 |
| കനാൽ കുടിവെള്ള പദ്ധതി | 332 |
| ആറ്റിങ്ങൽ കുടിവെള്ള പദ്ധതി | 69 |
| ചെവിടൻകാവ് കുടിവെള്ള പദ്ധതി | 69 |
| ആകെ | 829 |

ഏഴ് ഗാർഹികേതര കണക്ഷനുകളും നിലവിലുണ്ട്.

ഗാർഹിക ഉപഭോക്താക്കളിൽ നിന്നും പ്രതിമാസം 50 രൂപയും ഗാർഹികേതര ഉപഭോക്താക്കളിൽ നിന്നും 150 രൂപ നിരക്കിലുമാണ് വെള്ളക്കരം ഈടാക്കുന്നത്.

വാർഷിക കണക്കുകൾ പ്രകാരം 2017-18 വർഷത്തെ വെള്ളക്കരം വരവ് 293550 ലക്ഷം രൂപയും കുടിശ്ശിക വരവ് 259070 രൂപയുമാണ്.

നിലവിൽ 701500 രൂപ കുടിശ്ശികയായി ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്.

ചെലവിന്റെ വിവരം

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി വൈദ്യുതിചാർജ്, വേതനം, റിപ്പയർ ചാർജ്ജ് ഇനങ്ങളിൽ ഗ്രാമപഞ്ചായത്തിന് വൻ ചെലവ് വരുന്നുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | ₹ 474718 |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | ₹ 219000 |
| അറ്റകുറ്റപണികൾക്കായുള്ള ചെലവ് | ₹ 1327934 |
| ആകെ | ₹ 2021652 |

പദ്ധതിയുടെ നടത്തിപ്പിനായി 20 ലക്ഷത്തിലധികം രൂപ ഗ്രാമപഞ്ചായത്തിന് ചെലവഴിക്കേണ്ടി വരുന്നുണ്ട്. വെള്ളക്കരം ഇനത്തിലെ വരവ് താരതമ്യേന കുറവും പ്രവർത്തനച്ചെലവ് വളരെ കൂടുതലുമാണെന്ന് മേൽ കണക്കുകളിൽ നിന്ന് വ്യക്തമാണ്. ഇത് പഞ്ചായത്തിന്റെ ധനസ്ഥിതിയെ കാര്യമായി ബാധിക്കുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സ.ഉ (സാ) നം. 1275/2009/ ത.സ്വ.ഭ.വ തിയതി 30-5-2009 ലെ നിർദ്ദേശം പാലിച്ച് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

2. വെള്ളക്കരം കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.
3. പദ്ധതികൾ കൈമാറുന്നതുവരെ വെള്ളക്കരം പുതുക്കി നിശ്ചയിച്ച് ബാധ്യത കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പരിമിതമായ വരവു സ്രോതസ്സുകളുള്ള ഗ്രാമപഞ്ചായത്തിന്റെ ആവർത്തനച്ചെലവുകൾ

കുറയ്ക്കുന്നതിനുള്ള ശ്രമം നടത്തേണ്ടത് അനിവാര്യമാണ്.
ഈ വിഷയത്തിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-13 അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ 26 അങ്കണവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ വിലയിരുത്തിയതിന്മേൽ പരിമിതമായ സൗകര്യങ്ങൾ മാത്രം ഉള്ള അങ്കണവാടികളുടെ എണ്ണം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | വൈദ്യുതീകരിക്കാത്തവ | 1 |
| 2 | സ്വന്തം കെട്ടിടമില്ലാത്തത് | 12 |
| 3 | ബേബി ഫ്രണ്ട്‌ലി ടോയ്ലറ്റ് സൗകര്യമില്ലാത്തത് | 26 |
| 4 | വാട്ടർകണക്ഷൻ ഇല്ലാത്തത് | 1 |
| 5 | ചുറ്റുമതിൽ ഇല്ലാത്തത് (3 എണ്ണം സ്വന്തം കെട്ടിടം, 5 എണ്ണം മറ്റുള്ളവ) | 8 |

2017-18 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 അനുസരിച്ച് ഐ.സി.ഡി.എസ്.നു കീഴിലുള്ള പദ്ധതികൾക്കായി കേന്ദ്ര വിഹിതമായി ലഭ്യമായ 1494972/-രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്. തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 03-09-2010 പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശമുണ്ട്.
അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ചെലവഴിക്കാതെ അവശേഷിക്കുന്ന കേന്ദ്രവിഹിതം ഉപയോഗിക്കാവുന്നതാണ്. ആയതിനുള്ള തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 വാങ്ങൽ നടപടികളുടെ രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഫണ്ട് - വികസന ഫണ്ട് -ധനകാര്യ കമ്മിഷൻ അവാർഡ്

അടങ്കൽ - 200000/-(വികസന ഫണ്ട് - സാധാരണ വിഹിതം - 50000/-, മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം -150000/-)

ചെലവ് - 49836+150000=199836

ബിൽ നം. 11/17-18 തീ.15-02-18 തുക49836/-

ബിൽ നം. 12/17-18 തീ.15-02-18 തുക150000/

പ്രോജക്റ്റ് നം.96/18, അങ്കണവാടികൾക്ക് ഫർണ്ണീച്ചർ വാങ്ങൽ
മേൽ പദ്ധതിയുടെ രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.
11-10-17 ാം തീയതി നമ്പർ എ2-96/2017 പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ EFFAR TRADING എന്ന സ്ഥാപനവും സൈബർ ടെക്ക് എന്ന സ്ഥാപനവും ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. രണ്ട് സ്ഥാപനവും ക്വാട്ട് ചെയ്ത നിരക്കുകൾ താഴെ ചേർക്കുന്നു

| സ്ഥാപനം | മോഡൽ | നിരക്ക് |
|---|---|---|
| EFFAR TRADING | നീൽ കമൽ 2036 | 549 |
| | നീൽ കമൽ7015 | 545 |
| | നീൽ കമൽ2160 | 520 |
| | നീൽ കമൽ 2071 | 430 |
| | Arris premier | 414 |
| | Arris classic | 585 |
| | Arris prestige | 660 |
| | Supre | 431 |
| | Chairman hi back | 625 |
| | Chairman hi back | 600 |
| സൈബർ ടെക്ക് | നീൽ കമൽ 2036 | 596 |
| | Supreme Plus | 494 |

EFFAR TRADING ൽ നിന്നും കസേര വാങ്ങുന്നതിന് പർച്ചേസ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. 31-10-17 ന് ചേർന്ന പഞ്ചായത്ത് കമ്മിറ്റിയുടെ 6ാം നമ്പർ തീരുമാന പ്രകാരം EFFAR TRADING ൽ നിന്നും കസേര വാങ്ങുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. നീൽകമലിന്റെ 2036 എന്ന മോഡൽ കസേര 549/- രൂപ നിരക്കിൽ 364

കസേരകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ പർച്ചേസ് കമ്മിറ്റിയുടെയോ പഞ്ചായത്ത് കമ്മിറ്റിയുടെയോ തീരുമാനത്തിൽ കസേരയുടെ നിരക്ക് എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. സാമ്പിൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ നിരക്കിലുള്ള കസേര വാങ്ങിയത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്.
സാമ്പിൾ പരിശോധിച്ചത് ആരാണെന്ന് വ്യക്തമാക്കുന്ന രേഖകളോ പരിശോധനാ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ(9/14.05.2019) ത്തിന് സാമ്പിൾ പരിശോധനയുടെ റിപ്പോർട്ട് ഫയലിൽ വെക്കാൻ വിട്ടു പോയതാണെന്ന് അറിയിച്ചിട്ടുണ്ട്.
കുറഞ്ഞ നിരക്ക് ഒഴിവാക്കി ഉയർന്ന നിരക്കിലുള്ള സാധനങ്ങൾ വാങ്ങുമ്പോൾ ആയത് ന്യായീകരിക്കുന്ന തീരുമാനങ്ങളും രേഖപ്പെടുത്തലുകളും ഫയലിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതും വാങ്ങലുകളിൽ മിതവ്യയത്വവും കാര്യക്ഷമതയും പ്രകടിപ്പിക്കേണ്ടതുമാണ്. അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 പാലിയേറ്റീവ് പ്രവർത്തനങ്ങൾ - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

സാമൂഹികമായും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികളെ കണ്ടെത്തി അവർക്ക് മരുന്ന് ഉൾപ്പെടെ ആവശ്യമുള്ള പ്രാഥമിക ആരോഗ്യ പരിപാലന സംവിധാനം സജ്ജമാക്കുക, കിടപ്പിലായ രോഗികൾക്ക് ഉചിതമായ ചികിത്സാ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ (സാധാ)നം. 3217/2015/ തസ്വഭവ തിയതി 29.10.2015 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് ആവിഷ്കരിച്ച പാലിയേറ്റീവ് പരിചരണ പരിപാടി പ്രകാരം അർഹരായവർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ടോ എന്നും പദ്ധതി നടത്തിപ്പ് രേഖകളുടെ സൂക്ഷിപ്പ് കൃത്യമാണോ എന്നും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

I. 2017-18 ൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ

| പ്രോജക്റ്റ് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 16/18, പാലിയേറ്റീവ് കെയർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 300000/- (പ്ലാൻ ഫണ്ട് -ജനറൽ)<br>200000/- (മറ്റ് ഗ്രാമപഞ്ചായത്തുകൾ)<br>ആകെ : 500000/- | 379500/- |

II. ചെലവു വിവരങ്ങൾ

പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തിയ 300000/- രൂപ മുഴുവനായും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 'മറ്റ് ഗ്രാമ പഞ്ചായത്ത് വിഹിതം' ആയി വകയിരുത്തിയ തുക ചെലവഴിച്ചിട്ടുള്ളത് തനത് ഫണ്ടിൽ നിന്നാണ്. 56550/- രൂപ പ്ലാൻഫണ്ടിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിലേക്ക് നിക്ഷേപിച്ചതിനാൽ ചെലവ് പത്രിക പ്രകാരമുള്ള 436050/- രൂപയിൽ നിന്നും 56550/- കുറച്ച് 379500/- രൂപയാണ് യഥാർത്ഥ ചെലവ്.

എ. പ്ലാൻഫണ്ട് ചെലവ്

| ബിൽ നമ്പരും തിയ്യതിയും | തുക |
|---|---|
| 1/17-18 dt 15.07.17 | 49834 |
| 2/17-18 dt 11.08.17 | 51850 |
| 8/17-18 dt 27.02.18 | 11525 |
| 9/17-18 dt 27.02.18 | 10529 |
| 10/17-18 dt 27.02.18 | 63300 |
| 12/17-18 dt 27.02.18 | 56550 |
| 15/17-18 dt 27.03.18 | 56412 |
| ആകെ | 300000 |

ബി. തനതുഫണ്ട് ചെലവ്

| ചെക്ക് നം | തുക |
|---|---|
| ചെക്ക് നം. 2190607 തി 19.10.17 (TSB) | 53250 |
| ചെക്ക് നം. 7975 തി 14.11.17 (PSCB) | 26250 |
| ആകെ | 79500/- |

III. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി)

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ

മാനേജ്മെന്റ് കമ്മിറ്റി (PMC) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ് എന്ന് മേൽ ഉത്തരവിൽ പറയുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നത് 26.05.17, 22.07.17, 23.08.17, 13.12.17 എന്നീ തിയ്യതികളിൽ മാത്രമാണ്.

IV. പാലിയേറ്റീവ് അവലോകനങ്ങൾ

മാർഗ്ഗരേഖ പ്രകാരം അവലോകനം സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ മാസവും യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം 04/2017, 06/2017, 08/2017, 10/2017, 12/2017, 03/2018 മാസങ്ങളിൽ യോഗങ്ങൾ ചേർന്നിട്ടില്ല. പാലിയേറ്റീവ് കെയർ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് പ്രവർത്തനത്തോടൊപ്പം തന്നെ മോണിറ്ററിംഗ് സംവിധാനവും ശക്തമാക്കേണ്ടതാണ്.

V. മറ്റ് നടപടിക്രമങ്ങൾ

എ) മാർഗ്ഗരേഖയിലെ അനുബന്ധം. 9 ൽ കൊടുത്ത മാതൃകയിലുള്ള ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) യോഗത്തിൽ അവതരിപ്പിക്കേണ്ടതും ആയത് യോഗം വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ വരവ്-ചെലവുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടില്ല.

ബി) ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കുന്ന പാലിയേറ്റീവ് കെയർ പദ്ധതിക്ക് ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

സി) പാലയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയോ പ്രാദേശിക വിഹിതം സമാഹരിക്കുന്നതിന് ശ്രമം നടത്തുകയോ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 15/15.05.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. തുടർ വർഷങ്ങളിൽ സ.ഉ (സാധാ)നം. 553/2019/തസ്വഭവ, തിയതി 7.03.2019 പ്രകാരമുള്ള പുതുക്കിയ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

2. പി.എം.സി, പി.ഐ.സിയുടെ എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്നും പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

3. പദ്ധതിക്കായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

4. പാലിയേറ്റീവ് പരിചരണ പദ്ധതി തുടർന്നു വരുന്നതിനാൽ വാഹന വാടകയിനത്തിൽ ചെലവഴിക്കുന്ന ഭീമമായ തുക കുറവു ചെയ്യുന്നതിനായി പൊതുജനങ്ങളുടെ സഹകരണത്തോടെയോ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയോ ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. മാർഗ്ഗരേഖയിൽ വാഹനം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1855000 (*) | ഉഴവുകൂലി | 1855000 | 0 |
| | | 100000 (*) | സ്കോളർഷിപ്പ് | 100000 | 0 |
| | 2016-17 | 2382900 | മാലിന്യ സംസ്കരണം | 2144610 | 238290 |
| ഗ്രാമപഞ്ചായത്ത് | 2016-17 | 1318790 | മാലിന്യ സംസ്കരണം | 1186911 | 131879 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2650000 (*) | ഉഴവുകൂലി | 2650000 | 0 |

(*) തുകകൾ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ വരവ് വെക്കാതെ എസ്.ടി.എസ്.ബി അക്കൗണ്ടിൽ വരവു വെച്ചാണ് ചെലവ് നിർവ്വഹിച്ചിട്ടുള്ളത്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്. ഇ. ബി | 10/18-വൈദ്യുതി ലൈൻ വലിക്കൽ | 13/ 27-10-2017 | 600000 | വിനിയോഗ വിവരം ലഭ്യമായില്ല | വിനിയോഗ വിവരം ലഭ്യമായില്ല |
| കെ.എസ്. ഇ. ബി | 203/18-വൈദ്യുതി ലൈൻ വലിക്കൽ | 14/ 12-12-2017<br>22/ 12-12-2018 | 96504<br>275600 | വിനിയോഗ വിവരം ലഭ്യമായില്ല | വിനിയോഗ വിവരം ലഭ്യമായില്ല |

## 4-3 മൊബിലൈലെസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈലെസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭ്യമാവുകയോ തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 850 രൂപ ഈടാക്കിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും | രസീതി നം. / തിയതി |
|---|---|---|---|---|
| 1996-97 | 28 | 250 | സെക്രട്ടറി | 117010105172/6-2-2018 |
| 1998-99 | 30 | 300 | സെക്രട്ടറി | 117010105173/6-2-2018 |
| 2015-16 | 3-7 | 1000 | സെക്രട്ടറി | 117010100705/17-5-2017 |
| ആകെ | | 1550 | | |

വാർഷിക കണക്ക് പ്രകാരം 5550 രൂപ വരവായി കാണിച്ചിട്ടുണ്ടെങ്കിലും 4000 രൂപ പൊതു പരാമർശ പ്രകാരമുള്ള തുകയായതിനാൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികൾ നിലവിലില്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60617538 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73409841 |
| വരവിനങ്ങളിലുള്ള നഷ്ടം | 1100 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27410 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3(5) | 1100 | - | ശ്രീ.റെജിമോൻ.എം, സെക്രട്ടറി |
| 3-10 | | 25854 (Fine) | ശ്രീമതി.സജിനി.വി.വി, അസി.എഞ്ചിനിയർ |
| 3-11 | | 1556 (Fine) | ശ്രീമതി.സജിനി.വി.വി, അസി.എഞ്ചിനിയർ |
| ആകെ | 1100 | 27410 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-2 : കൈരളി റിസോർട്ട് – വസ്തു നികുതി നിർണ്ണയത്തിലെ അപാകത

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റെജിമോൻ.എം, സെക്രട്ടറി | സെക്രട്ടറി, പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് | തട്ടാരഴികത്ത്, പുളർ, കൊല്ലം.691507 |
| ശ്രീമതി.സജിനി.വി.വി, അസി.എഞ്ചിനിയർ | എ.എക്സ്.ഇ, ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട | നീലാമ്പരി, ഭൂമിപുത്ര ഗാർഡൻ വില്ല, കാളിപ്പാറ, കൊട്ടേക്കാട്, പാലക്കാട്-678732 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കുവാൻ അവേശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ-പികെഡി-14/838/2018 തിയതി 22-11-2018 (അദാലത്ത്) | 4 |
| 1997-98 | | 2 |
| 1998-99 | | 2 |
| 1999-2000 | | 2 |
| 2000-01 | | 1 |
| 2001-02 | | 8 |
| 2002-03 | | 10 |
| 2003-04 | | 4 |
| 2004-05 | | 4 |
| 2005-06 | | 1 |

| | | |
|---|---|---|
| 2006-07 | | 2 |
| 2007-08 | LF.P15-1749/11/26.12.11 | 6 |
| 2008-09 | LF.P15-1605/12/ 23.12.12 | 6 |
| 2009-10, 2010-11 | LF.P15-946/14/ 03.09.14 | 16 |
| 2011-12 | LF.P15-946/14/ 03.09.14 | 6 |
| 2012-13 | LF.P15-2250/14/09.03.15 | 11 |
| 2013-14, 2014-15 | KSAPKD15/591/2016 | 22 |
| 2015-16 | KSAPKD14-24/2017 | 19 |
| 2016-17 | നം.കെ.എസ്.എ-പികഡി14/1039 /2017/07.06.2017 | 22 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ്

(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊട്ടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ട്രഷറി ടി.എസ്.ബി അക്കൗണ്ടിലെ റികൺസിലിയേഷനിൽ 2017സെപ്റ്റംബർ മാസത്തെ ചെക്കുകൾ കാഷ് ചെയ്യാത്തതായും ആയത് ബാലൻസ് ഷീറ്റിൽ Stale cheque എന്ന ഇനത്തിൽ ഉൾപ്പെടുത്താത്തതായും കാണുന്നു.

2. MGNREGS - ഇൻകം & എക്സ്പെൻഡിച്ചർ, രസീറ്റ് & പേയ്മെന്റ് എന്നിവയിലെ വരവ് ചെലവു തുകകൾ കാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

3. താഴെ പറയുന്ന ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

- ഡി & ഒ ലൈസൻസ്
- ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ
- വാടക- തൻവർഷ ഡിമാന്റ് രജിസ്റ്റർ

4. തൊഴിൽ നികുതി, വാടക അരിയർ ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്ക്

ഹാജരാക്കിയിട്ടില്ല.

5. ഓഡിറ്റോറിയം/ഹാൾ, മറ്റു വരവുകൾ എന്നീ ഇനങ്ങളുടെ വരവുകൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6. വെള്ളക്കരം -കുടിശ്ശിക ഡിമാന്റ്, കളക്ഷൻ ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

7. വസ്തു നികുതി : സഞ്ചയയിലെ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

8. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല

10. പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ capital work in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പണി പൂർത്തിയാകുന്ന മുറയ്ക്ക് അതാത് ആസ്തി കളിലേയ്ക്ക് വരവ് വയ്ക്കുന്നതിനായി സ്ഥാപനം വർക്ക്ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

11. “Deposit work "കൾക്ക് വേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന തുകകൾ “Advance to implementing agencies” എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല.

12. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്റ്റോക്ക് വാല്യു സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

# വിവിധ പത്രികകൾ

1. Receipt and Payment Statement

| Kodumba Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 28969857.00 |
| Cash | Cash | RP-40(a) | 33645.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1568710.00 |
| 130000000 | Rental income from Panchayat Properties | RP-3 | 114750.00 |
| 140000000 | Fees & User Charges | RP-4 | 712997.00 |
| 150000000 | Sale & Hire Charges | RP-5 | 134391.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 47654959.00 |
| 171000000 | Interest Earned | RP-9 | 510900.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1607364.00 |
| 350000000 | Other Liabilities | RP-36 | 454404.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 180000000 | Other Income | RP-10 | 6475.00 |
| 340000000 | Deposits Received | RP-34 | 397848.00 |
| 350000000 | Other Liabilities | RP-36 | 400816.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6698396.00 |
| 460000000 | Loans, Advances and Deposits | RP-47 | 355528.00 |
| | Grand total | | 89621040.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3589008.00 |
| 220000000 | Administrative Expenses | RP-12 | 1552844.00 |
| 230000000 | Operations & Maintenance | RP-13 | 4298380.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 4899500.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 11337679.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1122638.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 347452.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 6153205.00 |

2. Income and Expenditure Statement

Kodumba Grama Panchayat
INCOME & EXPENDITURE STATEMENT

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6603594.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 350046.00 |
| 140000000 | Fee & User Charges | I-4(b) | 1416291.00 |
| 150000000 | Sale & Hire Charges | I-5(b) | 134849.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 83346945.00 |
| 171000000 | Interest Earned | I-8 | 510900.00 |
| 180000000 | Other Income | I-9 | 205879.00 |
| | Total Income | | 92568504.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9176220.00 |
| 220000000 | Administrative Expenses | I-11(b) | 1570832.00 |
| 230000000 | Operations & Maintenance | I-12(b) | 4302880.00 |
| 240000000 | Interest & Finance Charges | I-13 | 13133.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7291157.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 19212053.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1122638.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 347452.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 41511105.00 |
| 255000000 | Maintenance Projects | I-14(e) | 6794283.00 |
| | Total Expenditure | | 91341753.00 |
| | Gross Surplus/ Deficit of income over Expenditure | | 1226751.00 |
| 280000000 | Prior Period Item | I-18 | 2175330.50 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -948579.50 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

3. Balance Sheet

Kodumba Grama Panchayat
BALANCE SHEET

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 24690093.65 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 61740753.00 |
| | Total Reserve & Surplus | | 86430846.65 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5439408.00 |
| | Total Grants, Contributions for Specific Purposes | | 5439408.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 421369.00 |
| 350000000 | Other Liabilities | B-9 | 1206014.35 |
| | Total Current Liabilities and Provisions | | 1627383.35 |
| | TOTAL LIABILITIES | | 93497638.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 59542417.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 59542417.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 17614396.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 16211199.00 |
| 460000000 | Loand, Advances and Deposits | B-18 | 129626.00 |
| | Total Current Assets, Loans and Advances | | 33955221.00 |
| | Total Current Assets, Loans and Advances | | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്